**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5001</u>** **<u>20-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ദ്വിവർഷ അധ്യാപക കോഴ്സിന്റെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം.</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന അധ്യാപക പരിശീലന കോഴ്സ് ആയ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (D.El.Ed.) കോഴ്സിന്റെ പരീക്ഷകൾ ആരാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; 2020-22, 2021-23 എന്നീ ദ്വിവർഷ കോഴ്സുകളുടെ ജനറൽ വിഭാഗത്തിലും ഭാഷാ വിഭാഗത്തിലും എത്ര കുട്ടികൾ 3, 4 സെമസ്റ്റർ പരീക്ഷ എഴുതിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | D.El.Ed. (ജനറൽ / ലാംഗ്വേജ്) സെമസ്റ്റർ പരീക്ഷകൾ നടത്തുന്നത് പരീക്ഷാഭവനാണ്.<br><br>2020-22, 2021-23 എന്നീ ദ്വിവർഷ കോഴ്സുകളുടെ ജനറൽ വിഭാഗത്തിലും ഭാഷാ വിഭാഗത്തിലും 3, 4 സെമസ്റ്റർ പരീക്ഷ എഴുതിയിട്ടുള്ള കുട്ടികളുടെ എണ്ണം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ കാലയളവിൽ ജനറൽ വിഭാഗങ്ങളുടെയും ഭാഷാ വിഭാഗങ്ങളുടെയും മൂന്ന്, നാല് സെമസ്റ്ററുകളുടെയും സപ്ലിമെന്ററി പരീക്ഷകളുടെയും തീയതികൾ എന്നായിരുന്നുവെന്നും ഇവയുടെ റിസൾട്ട് പ്രഖ്യാപിച്ചത് എന്നാണെന്നും വർഷം, വിഭാഗം എന്നിവ തിരിച്ച് വിശദമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ ഈ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണം എന്നാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കാലയളവിൽ ഈ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണം നടത്തിയ തീയതി അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | D.El.Ed കോഴ്സിൽ ഭാഷാ വിഭാഗങ്ങളുടെ മാത്രം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഡി) | D.El.Ed. കോഴ്സിൽ ഭാഷാ വിഭാഗങ്ങളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| വർഷം | ഡി.എൽ.എഡ്. ജനറൽ | ഡി.എൽ.എഡ്. ഭാഷാവിഷയം |
|---|---|---|
| 2020–2022 ബാച്ചിലെ മൂന്നാം സെമസ്റ്റർ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം. | 8125 | 370 |
| 2020–2022 ബാച്ചിലെ നാലാം സെമസ്റ്റർ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം. | 8024 | 360 |
| 2021–2023 ബാച്ചിലെ മൂന്നാം സെമസ്റ്റർ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം. | 8869 | 464 |
| 2021–2023 ബാച്ചിലെ നാലാം സെമസ്റ്റർ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം. | 8874 | 461 |

**അനുബന്ധം 2**

| **വർഷം** | **ഡി.എൽ.എഡ്. ജനറൽ** | **ഡി.എൽ.എഡ്. ഭാഷാവിഷയം** |
|---|---|---|
| 2020–2022 ബാച്ചിലെ മൂന്നാം സെമസ്റ്റർ, റെഗുലർ മറ്റ സപ്ലിമെന്ററി പരീക്ഷകൾ നടന്ന തീയതി,<br><br>റിസൾട്ട് തീയതി. | 08.06.2022 മുതൽ 15.06.2022 വരെ.<br><br>റിസൾട്ട് 28.09.2022 | 01.08.2022 മുതൽ 04.08.2022 വരെ.<br><br>റിസൾട്ട് 25.10.2022 |
| 2020–2022 ബാച്ചിലെ നാലാം സെമസ്റ്റർ, റെഗുലർ മറ്റ സപ്ലിമെന്ററി പരീക്ഷകൾ നടന്ന തീയതി,<br><br>റിസൾട്ട് തീയതി. | 09.11.2022 മുതൽ 16.11.2022 വരെ.<br><br>റിസൾട്ട് 17.01.2023 | 09.01.2023 മുതൽ 27.01.2023 വരെ.<br><br>റിസൾട്ട് 12.04.2023 |
| 2021–2023 ബാച്ചിലെ മൂന്നാം സെമസ്റ്റർ, റെഗുലർ മറ്റ സപ്ലിമെന്ററി പരീക്ഷകൾ നടന്ന തീയതി,<br><br>റിസൾട്ട് തീയതി. | 27.04.2023 മുതൽ 04.05.2023 വരെ.<br><br>റിസൾട്ട് 09.08.2023 | 19.06.2023 മുതൽ 29.06.2023 വരെ.<br><br>റിസൾട്ട് 09.10.2023 |
| 2021–2023 ബാച്ചിലെ നാലാം സെമസ്റ്റർ, റെഗുലർ മറ്റ സപ്ലിമെന്ററി പരീക്ഷകൾ നടന്ന തീയതി,<br><br>റിസൾട്ട് തീയതി. | 25.09.2023 മുതൽ 05.10.2023 വരെ.<br><br>റിസൾട്ട് 06.12.2023 | 20.11.2023 മുതൽ 25.11.2023 വരെ.<br><br>റിസൾട്ട് 24.04.2024 |

**അനുബന്ധം 3**

| **വർഷം** | **ഡി.എൽ.എഡ്. ജനറൽ സർട്ടിഫിക്കറ്റ്/ മാർക്ക് ലിസ്റ്റ് വിതരണം നടത്തിയ തീയതി** | **ഡി.എൽ.എഡ്. ഭാഷാവിഷയം സർട്ടിഫിക്കറ്റ്/ മാർക്ക് ലിസ്റ്റ് വിതരണം നടത്തിയ തീയതി** |
|---|---|---|
| 2020–2022 ബാച്ചിലെ മൂന്നാം സെമസ്റ്റർ, റെഗുലർ മറ്റു സപ്ലിമെന്ററി പരീക്ഷകൾ | 2023 ജനുവരിയിൽ വിതരണം പൂർത്തീകരിച്ചു. | 25.07.2023 തീയതിയോടെ വിതരണം പൂർത്തീകരിച്ചു. |
| 2020–2022 ബാച്ചിലെ നാലാം സെമസ്റ്റർ, റെഗുലർ മറ്റു സപ്ലിമെന്ററി പരീക്ഷകൾ | 2023 ഫെബ്രുവരിയിൽ വിതരണം പൂർത്തീകരിച്ചു. | 25.07.2023 തീയതിയോടെ വിതരണം പൂർത്തീകരിച്ചു. |
| 2021–2023 ബാച്ചിലെ മൂന്നാം സെമസ്റ്റർ, റെഗുലർ മറ്റു സപ്ലിമെന്ററി പരീക്ഷകൾ | 2023 നവംബർ മാസം വിതരണം പൂർത്തീകരിച്ചു. | 27.07.2024 തീയതിയോടെ വിതരണം പൂർത്തീകരിച്ചു. |
| 2021–2023 ബാച്ചിലെ നാലാം സെമസ്റ്റർ, റെഗുലർ മറ്റു സപ്ലിമെന്ററി പരീക്ഷകൾ | 2024 ഫെബ്രുവരിയിൽ വിതരണം പൂർത്തീകരിച്ചു. | 27.07.2024 തീയതിയോടെ വിതരണം പൂർത്തീകരിച്ചു. |